ലോകകപ്പ് ഫുട്ബോൾ

നാളെ ഒരേ 'പ്രായക്കാരുടെ' മത്സരം

81,000 കാണികളെ ഉൾക്കൊള്ളാവുന്ന മോസ്കോയിലെ ലുഷ്നികി സ്റ്റേഡിയത്തിൽ നാളെ ഇന്ത്യൻ സമയം രാത്രി 8.30ന് ലോകകപ്പ് ഫുട്ബോളിന്റെ കിക്കോഫ്. ഉദ്ഘാടന മത്സരത്തിൽ ആതിഥേയരായ റഷ്യയെ സൗദി അറേബ്യ നേരിടും. ഫിഫ റാങ്കിൽ രണ്ടു ടീമുകളും അടുത്തടുത്ത റാങ്കിലാണ്. റഷ്യയുടേത് 66, സൗദിയുടേത് 67. ലോകഫുട്ബോളിൽ വലിയ നേട്ടം രണ്ട് രാജ്യങ്ങൾക്കും അവകാശപ്പെടാനില്ല. 1966ൽ നാലാം സ്ഥാനം നേടിയതാണ് റഷ്യയുടെ മികച്ച നേട്ടം. 1994ൽ പ്രീക്വാർട്ടറിൽ പ്രവേശിച്ചതാണ് സൗദിയുടെ മികച്ച പ്രകടനം.

റഷ്യൻ നിരയിൽ ഒരേയൊരു സൂപ്പർതാരം എന്ന് പറയാനുള്ളത് അവരുടെ ക്യാപ്റ്റൻകൂടിയായ ഗോൾ കീപ്പർ ഇഗോർ അകിൻഫിവ് ആണ്. റഷ്യയിൽ മാത്രമല്ല യൂറോപ്പിലെ തന്നെ പ്രമുഖ ടീമായ സി.എസ്.കെ.എയുടെ താരമാണ് ഇഗോർ. സി.എസ്.കെ.എ പ്രശസ്തമാണെങ്കിലും അതിൽ സ്വദേശികളേക്കാൾ വിദേശകളിക്കാരാണ് ഏറെയും.

ഫാബിയോ കാപ്പെല്ലോ, ഗസ് ഹിഡിങ്ക് എന്നീ പരിശീലകർക്ക് ശേഷം നാട്ടുകാരായ മുൻ ഗോൾ കീപ്പർ ചെഷർസോവാണ് റഷ്യൻ ടീമിന്റെ പരിശീലകർ.

സൗദി അറേബ്യയുടെ പ്രശ്നം സ്ഥിരമായ ഒരു ശൈലിയിൽ പരിശീലനം ലഭിച്ചില്ലെന്നതാണ്. ആന്റോണിയ പിസിക്ക് എന്ന പരിശീലകന് ടീമുമായി പരിചയപ്പെടാൻ ഒരാഴ്ചത്തെ സമയം മാത്രമേ ലഭിച്ചുള്ളൂ. അതിന് മുമ്പ് ബോർട്ടാൻ മാവിക് എന്ന പ്രതിരോധ ഫുട്ബോളിന്റെ ആശാനാണ് ടീമിനെ പരിശീലിപ്പിച്ചത്. സൗദിയുടെ കളിരീതികൾക്ക് തീര പരിചിതമായിരുന്നില്ല അദ്ദേഹത്തിന്റെ പരിശീലനം. യോഗ്യത റൗണ്ടിൽ 16 ഗോളുകൾ നേടിയ മുഹമ്മദ് അൽ സഹ്ലവിയിലാണ് ടീമിന്റെ പ്രതീക്ഷ. രണ്ട് ടീമുകൾക്കും നഷ്ടപ്പെടാൻ ഒന്നുമില്ല. മാത്രമല്ല എ ഗ്രൂപ്പിൽ ഉറുഗ്വായ്, ഈജിപ്ത് എന്നീ പ്രമുഖരാണ് മറ്റ് ടീമുകൾ. ഇതിൽ ഈജിപ്തിനെ മറികടന്ന് ഗ്രൂപ്പിൽ രണ്ടാം സ്ഥാനക്കാരാകാൻ കഴിയുമോയെന്നായിരിക്കും ഇരു ടീമുകളും ലക്ഷ്യമിടുക. അതുകൊണ്ടുതന്നെ ആദ്യകളിയിൽ ജയിക്കാൻ ആവശ്യമായ തന്ത്രങ്ങൾ മുഴുവൻ ഇരുടീമുകളും പുറത്തെടുക്കുക.

കണ്ണൂരിൽ കളിപ്രതിഭകളെ വളർത്തിയ ഫുട്ബോൾ നഴ്സറി

• ലിറ്റി ജോസ്

കൊൽക്കത്ത ലീഗ് ഫുട്ബോൾ കഴിഞ്ഞാൽ കണ്ണൂർ ലീഗ് രണ്ടാം സ്ഥാനത്ത്. പണം വെച്ച് ലീഗ് കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. അവിടെ മുഹമ്മദൻസ്, മോഹൻബഗാൻ, ഈസ്റ്റ് ബംഗാൾ പോലെ ഇവിടെ ലക്കി സ്റ്റാർ, സ്പിരിറ്റഡ് യൂത്ത്സ്, ജിംഖാന, ബ്രദേഴ്സ് തുടങ്ങിയ ഇഞ്ചോടിഞ്ച് പൊരുതുന്ന ടീമുകൾ. ഇങ്ങനെയുള്ള കണ്ണൂരിലാണ് പുതിയൊരു ഭാവി മുന്നിൽ കണ്ട്, ഒരു രൂപ പോലും കുട്ടികളിൽ നിന്ന് വാങ്ങാതെ, പ്രതിഭകളെ ചെറുപ്പത്തിലേ പിടികൂടുക എന്ന ആശയവുമായി കൊൽക്കത്ത മുഹമ്മദൻസ് മുൻതാരം എൻ.ടി.കരുണാകരനും കെ.കുഞ്ഞിരാമനും ചേർന്ന് 1978 മെയ് 14ന് ആണ് കാൽപ്പന്ത് നഴ്സറി ആരംഭിച്ചത്.

എട്ടിനും 12നും ഇടയിൽ പ്രായമുള്ള കുട്ടികൾക്കാണ് പ്രവേശനം. ഒരു ബാച്ച് മൂന്ന് വർഷം നിർബന്ധമായും പരിശീലനം നേടിയിരിക്കും. ആദ്യകാലത്ത് 30 കുട്ടികളായിരുന്നു. പിന്നീട് 170 ആയി. ദിവസവും വൈകീട്ട് 4.30 മുതൽ 6.30 വരെ പോലീസ് പരേഡ് ഗ്രൗണ്ടിലാണ് പരിശീലനം. ഗ്രൗണ്ട് സൗജന്യമായി ലഭിക്കുന്നു.

ഓരോ കുട്ടിക്കും ഓരോ പന്ത് പരിശീലനത്തിന് നൽകുന്ന രീതിയാണ്. സൗജന്യമായി പരിശീലനം നൽകാൻ ഒളിമ്പ്യന്മാർ (ഒളിമ്പ്യൻ അബ്ദുറഹ്മാൻ, എസ്. രാമൻ, ടി.കെ.ചാത്തുണ്ണി, കെ.ഭരതൻ, സി.ജെ.ബേബി) തുടങ്ങിയവർ വരെയുണ്ടായി. പരിശീലനത്തിൽ പരിക്ക് പറ്റിയാൽ സൗജന്യമായി ചികിത്സിക്കാൻ ഇന്നും ഡോക്ടർമാരുണ്ട്. പാലും മുട്ടയും കുട്ടികൾക്ക് മാസങ്ങൾക്ക് മുമ്പ് വരെ നൽകിപ്പോന്നിരുന്നു. ബ്രസീൽ ആരാധകരായിരുന്നതിനാൽ മഞ്ഞ ബനിയനും നീല ട്രൗസറുമാണ് ജഴ്സി. ഇതിനകം 12,000ൽ അധികം പേരാണ് ഫുട്ബോൾ ബാലപാഠങ്ങൾ പഠിപ്പിച്ചത്.

ഇന്ത്യൻ നായകർ അടക്കം എട്ടു രാജ്യാന്തര താരങ്ങൾ. 500ലധികം സംസ്ഥാന താരങ്ങൾ. രാജ്യത്തെ മികച്ച ക്ലബ്ബുകളിലും സംസ്ഥാന ടീമുകളിലും സർവ്വകലാശാല ടീമുകളിലും പട്ടാള ടീമുകളിലും പ്രാതിനിധ്യം. ലോകഫുട്ബോൾ സംഘടന ഫിഫയുടെ സഹായം ലഭിച്ചത് രണ്ടു തവണ. ടാറ്റ ഫുട്ബോൾ അക്കാദമി മാതൃകയാക്കിയ സ്ഥാപനം... വിശേഷങ്ങളും വിശേഷണങ്ങളും ഏറെയാണ് കണ്ണൂർ ഫുട്ബോൾ ഫ്രൻഡിന്. കേരളത്തിലെ ആദ്യത്തെ സ്പോർട്സ് മാസിക ഫുട്ബോൾ ഫ്രൻഡ് മാസികയാണ്.

ഇവിടെ നിന്ന് കളി പഠിച്ച ഇന്ത്യൻ താരങ്ങൾ ആദ്യ ബാച്ചിലെ വിദ്യാർത്ഥി സി.സി.അഹമ്മദ് നിസാർ ഇന്ത്യൻ താരമായി രാജ്യാന്തര നേട്ടങ്ങളിലേക്ക് പന്തടിച്ച് തുടക്കമിട്ടു. വി.പി.ഷാജി, മുൻ ഇന്ത്യൻ ക്യാപ്റ്റൻ കെ.വി.ധനേഷ്, എം.സന്തോഷ്, മുൻ ഗോൾ കീപ്പർ കെ.വി.ശിവദാസൻ, രജത്ത് രാധാകൃഷ്ണൻ, കെ.ബിനീഷ്, സക്കീർ ഹുസൈൻ തുടങ്ങിയവർ കൂടി രാജ്യത്തിന്റെ ജേഴ്സി അണിഞ്ഞു. അഞ്ച് ലക്ഷം രൂപ ചിലവിൽ നിർമ്മിച്ച പുതിയ കെട്ടിടത്തിലാണ് ഇപ്പോൾ. ഉദ്ഘാടനം ഇനിയും കഴിഞ്ഞിട്ടില്ല. ഒരു ജനകീയ ജാഗ്രത ഇനി അങ്ങോട്ട് വേണം. ഇവിടെ നിന്ന് കളി പഠിച്ച് വളർന്നവർ തന്നെ ആദ്യം മുന്നോട്ട് വരണം. സാമ്പത്തിക ഭദ്രതയുള്ളവരും വ്യവസായികളും തുടങ്ങി എല്ലാറ്റിനും കൂടെ നിൽക്കാൻ കാൽപന്തുകളിയുടെ കൂട്ടുവും വേണം.

ഇപ്പോൾ, അജിത്ത് ബാലകൃഷ്ണൻ ചെയർമാനും കെ. ബാലകൃഷ്ണൻ കൺവീനറും കെ.വി.ധനേഷ് മാനേജരുമായ കമ്മിറ്റിയാണ് സെന്ററിന്റെ പ്രവർത്തനം നയിക്കുന്നത്.

മറ്റൊരു ലോകകപ്പ് കൂടി എത്തിയിരിക്കുന്നു. ഈ സന്ദർഭത്തിൽ തന്നെ തുടങ്ങണം പുത്തൻ ഉയർത്തെഴുന്നേൽപ്പ്. അവഗണനയുടെ റെഡ് കാർഡ് വേണ്ട.... അത് ചരിത്രത്തോടുള്ള നീതികേടാകും, ഇതിന്റെ സ്ഥാപകരോടുള്ള നന്ദികേടും....

കണ്ണൂർ ഫുട്ബോൾ ഫ്രൻഡ്സ് സാരഥികളായ എൻ.ടി. കരുണനും കെ. കുഞ്ഞിരാമനും കളിക്കാർക്കൊപ്പം

ആന്തൂരിലെ സർവ്വേ സ്കൂൾ നാളെ മന്ത്രി ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും

മന്ത്രി ഇ. ചന്ദ്രശേഖരൻ നാളെ ഉദ്ഘാടനം ചെയ്യുന്ന ആന്തൂരിലെ സർവ്വേ സ്കൂൾ

തളിപ്പറമ്പ: സംസ്ഥാനത്തെ രണ്ടാമത്തെ സർവ്വേ പരിശീലന കേന്ദ്രം പുതിയ മന്ദിരത്തിലേക്ക് മാറുന്നു. കണ്ണൂർ പറശിനിക്കടവ് റോഡിലെ ആന്തൂർ വില്ലേജ് ഓഫീസിന് സമീപം നിർമ്മിച്ച ആധുനിക രീതിയിലുള്ള സർവ്വേ പരിശീലന കേന്ദ്രത്തിന്റെ മന്ദിര ഉദ്ഘാടനം നാളെ നടക്കുമെന്ന് ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. നാളെ വൈകീട്ട് മൂന്നിന് റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി ഇ. ചന്ദ്രശേഖരൻ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. സംസ്ഥാനത്ത് രണ്ടാമത്തെ സർവ്വേ പരിശീല കേന്ദ്രമാണ് ഇത്. തിരുവനന്തപുരത്തെ മോഡോൺ ഗവ. റിസർച്ച് ട്രെയിനിംഗ് സെന്ററാണ് മറ്റൊരു കേന്ദ്രം. ഐ.ടി.ഐ സിവിൽ, ഐ.ടി.ഐ ചെയിൻസർവ്വേ എന്നീ കോഴ്സുകൾ പാസായവർക്ക് 52 ദിവസത്തെ ആധുനിക പരിശീലനത്തോടൊപ്പം സർക്കാർ ചെയിൻ സർവ്വേ സ്കൂളുകളിൽ നടത്തുന്ന കോഴ്സുകൾ ഇവിടെ നടത്തും. ഒരുകോടി രൂപ ചിലവിലാണ് നിർമ്മാണം പൂർത്തീകരിച്ചത്. മിനി കോൺഫറൻസ് ഹാൾ, കമ്പ്യൂട്ടർലാബ്, 30 പേർക്ക് ഇരിക്കാവുന്ന രണ്ട് ക്ലാസ് മുറികൾ എന്നീ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സർവ്വേയർമാർക്ക് സെക്കന്റ് ഗ്രേഡ് സർവ്വയർ കോഴ്സ് പരിശീലന കേന്ദ്രത്തിൽ ഒരുക്കും.

ചടങ്ങിൽ ജയിംസ് മാത്യു എം.എൽ.എ അധ്യക്ഷത വഹിക്കും. പി.കെ. ശ്രീമതി എം.പി. മുഖ്യാതിഥിയാകും. സബ് കലക്ടർ എസ്. ചന്ദ്രശേഖർ ഐ.എ.എസ് താക്കോൽദാനം നിർവഹിക്കും. കെ. ഗോപാലകൃഷ്ണൻ ഐ.എ.എസ് റിപ്പോർട്ട് അവതരിപ്പിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ. വി. സുമേഷ്, നഗരസഭ ചെയർപേഴ്സൺ പി.കെ. ശ്യാമള ടീച്ചർ, കൗൺസിലർ എം. വസന്തകുമാരി, ഇ.ആർ. ശോഭന, മുഹമ്മദ് യൂസഫ്, കെ. സുരേന്ദ്രൻ, പി.ആർ. പുഷ്പ, എം.വി. ജനാർദനൻ, വി.വി. കണ്ണൻ, എ.എൻ. ആന്തൂരാൻ, കെ.കെ. ജയപ്രകാശ്, സമദ് കടമ്പേരി, എപി. ഗംഗാധരൻ, ടിഎസ്. ജയിംസ്, ജോർജ് വടകര, സാജൻ, സികെ. നാരായണൻ സംസാരിക്കും. കലക്ടർ മീർ മുഹമ്മദലി സ്വാഗതവും സുരേശൻ കാണിച്ചേരിയൻ നന്ദിയും പറയും. വാർത്താ സമ്മേളനത്തിൽ ആന്തൂർ നഗരസഭ അധ്യക്ഷൻ പി.കെ. ശ്യാമള ടീച്ചർ, കൗൺസിലർ പി.കെ. മുജീബ് റഹ്മാൻ, സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ സുരേശൻ കാണിച്ചേരിയൻ, സൂപ്രണ്ട് രാജീവൻ പട്ടത്താരി, കെ. പ്രേമരാജൻ, കെ.വി. തമ്പാൻ, സംബന്ധിച്ചു.

റിലീഫ് വിതരണവും അനുസ്മരണ സമ്മേളനവും

കരുവഞ്ചാൽ: കരുവഞ്ചാൽ ശാഖാ മുസ്ലിം ലീഗ് കമ്മിറ്റി ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ശിഹാബ് തങ്ങൾ റിലീഫ് വിതരണവും കെ.അബ്ദുള്ള അനുസ്മരണ സമ്മേളനവും വി.കെ.അബ്ദുൾ ഖാദർ മൗലവി ഉദ്ഘാടനം ചെയ്തു. എസ്.എസ്.എൽ.സി, പ്ലസ് ടു, മദ്രസ ഉന്നത വിജയികളെ ക്യാഷ് അവാർഡ് നൽകി അനുമോദിക്കുകയും ചെയ്തു. സി.ഹംസ അധ്യക്ഷത വഹിച്ചു. അഡ്വ.എസ്. മുഹമ്മദ്, ടി.എൻ.എ.ഖാദർ, പി.ടി.എ.കോയ, വി.എ.റഹീം, അഷ്റഫ് ചുഴലി, കെ.പി.ഹംസ, കെ.മുഹമ്മദ് കുഞ്ഞി, എൻ.യു.അബ്ദുള്ള, കെ.പി.നൗഷാദ്, അബ്ദുൾ ഖാദർ, ഒ.സി.ഹസൻ പ്രസംഗിച്ചു. വി.എ.മുസ്തഫ സ്വാഗതവും കെ.വി.റഷീദ് നന്ദിയും പറഞ്ഞു.

കരുവഞ്ചാൽ മുസ്ലിംലീഗ് റിലീഫ് വിതരണം വി.കെ.അബ്ദുൾ ഖാദർ മൗലവി ഉദ്ഘാടനം ചെയ്യുന്നു

കെ.സി.വൈ.എം കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിൽ വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ നൽകുന്നു

'ഇ.എം.എസിന്റെ ലോകം' സെമിനാർ

കണ്ണൂർ: ലൈബ്രറി കൗൺസിലും ജില്ലാ ലൈബ്രറി ഇഎംഎസ് ചെയറും സംഘടിപ്പിക്കുന്ന ഇഎംഎസിന്റെ ലോകം സെമിനാർ സി.പി.എം പോളിറ്റ്ബ്യൂറോ അംഗം എസ് രാമചന്ദ്രൻപിള്ള ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ഭരണഘടനയും മതേതരത്വവും എന്ന വിഷയത്തിൽ രാമചന്ദ്രൻപിള്ള പ്രഭാഷണം നടത്തും. പരിസ്ഥിതിയും വികസനവും മാർക്സിൻ വീക്ഷണത്തിൽ എന്ന വിഷയത്തിൽ ഡോ കെ എൻ ഗണേഷ്, കേരളീയ ബദൽ 1957-2018 എന്ന വിഷയത്തിൽ ഡോ കെ.കെ. എൻ കുറുപ്പ് എന്നിവർ അവതരണം നടത്തും. 15ന് രാവിലെ 9.30 മുതൽ ശിക്ഷക് സദനിലാണ് സെമിനാർ, സിപിഐഎം ജില്ലാ സെക്രട്ടറി പി ജയരാജൻ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് കെ.വി സുമേഷ് എന്നിവർ സംസാരിക്കും. ഇ.എം.സിന്റെ നൂറ്റി ഒമ്പതാം ജൻമദിനാചരണത്തിന്റെ ഭാഗമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കണ്ണൂരിന്റെ സാംസ്കാരിക ചരിത്രം പഠനത്തിന്റെ ഭാഗമായുള്ള ഓപ്പൺ ഫോറത്തിൽ ടി. ഗംഗാധരൻ മോഡറേറ്ററാകും. ഡോ. പി. മോഹൻദാസ്, ഡോ.എ വൽസലൻ, പയ്യന്നൂർ കുഞ്ഞിരാമൻ എന്നിവർ സാംസ്കാരിക ചരിത്ര പഠനത്തിന്റെ വിവിധ ഭാഗങ്ങൾ വിശദീകരിക്കും. ഇഎംഎസിന്റെ ജൻമനാടായ പെരിന്തൽമണ്ണയിലും തൃശൂരിലും സെമിനാർ സംഘടിപ്പിക്കുന്നുണ്ട്.

എൻഡോവ്മെന്റ് വിതരണം

ശ്രീകണ്ഠപുരം: നെടുങ്ങോം ഗവ ഹയർസെക്കണ്ടറി സ്കൂളിൽ നിന്ന് എസ്എസ്എൽസി, പ്ലസ്ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവരെയും എൽഎസ്എസ്, യുഎസ്എസ്, എൻഎംഎംഎസ് സ്കോളർഷിപ്പ് നേടിയ വിദ്യാർത്ഥികളെയും അനുമോദിച്ചു. അനുമോദന സദസ്സ് ജില്ല പഞ്ചായത്ത് പ്രസിഡന്റ് കെ.വി സുമേഷ് ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് ടി.കെ പ്രാകരൻ അധ്യക്ഷത വഹിച്ചു. ഉന്നത വിജയികൾക്കുള്ള ഉപഹാര സമർപ്പണം നഗരസഭ ചെയർമാൻ പി.പി രാഘവൻ നിർവ്വഹിച്ചു. വിദ്യാർത്ഥികൾക്കുള്ള വിവിധ എൻഡോവ്മെന്റുകൾ വാർഡ് കൗൺസിലർ എ.സി ഷീജ വിതരണം ചെയ്തു. എം സി ഹരിദാസൻ, പി.പി ചന്ദ്രാംഗദൻ, ഇ.പി ഭാർഗവി, കെ.പി സരസ്വതി, ടി എൻ. രാമചന്ദ്രൻ സംസാരിച്ചു. ഇ കുഞ്ഞിക്കണ്ണൻ സ്വാഗതം പറഞ്ഞു.

ലോകകപ്പ് ഫുട്ബോൾ റോഡ്ഷോയും ഷൂട്ടൗട്ട് മത്സരവും നാളെ

ആലക്കോട്: ലോകകപ്പ് ഫുട്ബോളിന്റെ ഭാഗമായി ഡി.വൈ.എഫ്.ഐ നടുവിൽ മേഖലാ കമ്മിറ്റി സംഘടിപ്പിക്കുന്ന റോഡ്ഷോയും, ഷൂട്ടൗട്ട് മത്സരവും നാളെ നടക്കും. വൈകുന്നേരം അഞ്ച് മണിക്ക് താവുകുന്ന് കവലയിൽ നിന്ന് നടുവിലേക്കാണ് റോഡ്ഷോ.

റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരണം

കണ്ണൂർ: കണ്ണൂർ യൂണിവേഴ്സിറ്റി ബിരുദ പ്രവേശനത്തിനായി സ്പോർട്സ്, കമ്മ്യൂണിറ്റി എന്നീ കാറ്റഗറികളിൽ അപേക്ഷിച്ചവരുടെ മെറിറ്റ് അടിസ്ഥാനത്തിലുള്ള റാങ്ക് ലിസ്റ്റ് ജൂൺ 20ന് അതത് കോളേജുകളിൽ പ്രസിദ്ധപ്പെടുത്തും.

അധ്യാപക ഒഴിവ്

പയ്യാവൂർ: പൈസക്കരി ദേവമാതാ ആർട്സ് ആന്റ് സയൻസ് കോളേജിൽ ഫിസിക്സ് വിഭാഗത്തിൽ അധ്യാപകരെ ആവശ്യമുണ്ട്.

യോഗ്യരായവർ അസൽ സർട്ടിഫിക്കറ്റുമായി നാളെ രാവിലെ പത്തിന് ഓഫീസിൽ ഹാജരാകണം. ഫോൺ: 04602239190.

വിളംബരഘോഷയാത്ര ഇന്ന്

കണ്ണൂർ: ഫിഫ ലോക കപ്പ് ഫുട്ബോളിനെ വരവേൽക്കുന്നതിനായി ഇന്ന് വൈകുന്നേരം നാല് മണിക്ക് സ്പോർട്സ് കൗൺസിൽ വിളക്കുംതറ മൈതാനത്തിൽ നിന്നും വിളംബരഘോഷയാത്ര നടത്തും. സ്പോർട്സ് കൗൺസിൽ, ജില്ലാ യുവജന ക്ഷേമ ബോർഡ്, ജില്ലാ ഫുട്ബോൾ അസോസിയേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രമുഖ ഫുട്ബോൾ താരങ്ങളെയും ഫുട്ബോൾ പ്രേമികളെയും ഉൾപ്പെടുത്തിയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ജനശ്രീ സുസ്ഥിര വികസനമിഷൻ പരിയാരം മണ്ഡലം സഭയുടെ മഞ്ഞൾ വിതരണം ഡി.സി.സി ജനറൽ സെക്രട്ടറി ഇ.ടി. രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.

മഞ്ഞൾ വിത്ത് വിതരണം

പരിയാരം: ജനശ്രീ സുസ്ഥിര വികസന മിഷൻ പരിയാരം മണ്ഡലം സഭയുടെ നേതൃത്വത്തിൽ മണ്ഡലത്തിലെ ജനശ്രീ യൂണിറ്റുകൾക്കുള്ള മഞ്ഞൾ വിത്ത് വിതരണത്തിന്റെ ഉദ്ഘാടനം ഡി.സി.സി. സെക്രട്ടറി ഇ.ടി.രാജീവൻ കൈരളി ജനശ്രീ യൂണിറ്റ് പ്രസിഡന്റ് പി.ടി. ചാക്കോക്ക് നൽകി നിർവഹിച്ചു. വി.സുഖദേവൻ മാസ്റ്റർ, പയ്യരട്ട നാരായണൻ, ഇ.ടി.ഗിരീഷ്, രഞ്ചിത്ത് പയ്യരട്ട സംബന്ധിച്ചു.

ഉന്നത വിജയികളെ അനുമോദിച്ചു

പരിയാരം: അമ്മാനപ്പാറ ഉണർവ്വ് പുരുഷ സഹായ സംഘത്തിന്റെ ആഭിമുഖ്യത്തിൽ എസ്.എസ്.എൽ.സി, പ്ലസ് ടു വിജയികളെ അനുമോദിച്ചു. പരിയാരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.രാജേഷ് ഉദ്ഘാടനവും ഉപഹാര സമർപ്പണവും നടത്തി. കെ.സതീശൻ അധ്യക്ഷത വഹിച്ചു. എം.ടി.മനോഹരൻ, ടി.വി.രാജേഷ്, പി.വി.സുകുമാരൻ സംസാരിച്ചു. ഇ.ടി.ഹരീഷ് സ്വാഗതവും വി.രമേശൻ നന്ദിയും പറഞ്ഞു.

വിദ്യാർത്ഥികളെ ആദരിച്ചു

പയ്യാവൂർ: പൈസക്കരി ദേവമാതാ ഹൈസ്കൂളിൽ നിന്ന് എസ് എസ് എൽ സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. 'വിജയോത്സവം' പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റുപ്പറമ്പിൽ ഉദ്ഘാടനം ചെയ്തു. അഗ്നസ് വാഴപ്പള്ളിൽ അധ്യക്ഷത വഹിച്ചു. ഫാ. സെബാസ്റ്റ്യൻ പാലക്കുഴി അനുഗ്രഹ പ്രഭാഷണം നടത്തി. ബിനോയ് ആലുങ്കതടത്തിൽ, ജോയി ജോസഫ്, ബിന്ദു പന്തപ്ലാക്കൽ, സോഫിയാമ്മ ജോസഫ്, ഡിലൻ ഇമ്മാനുവേൽ ഡൊമിനിക് സോനമ്മ ജോസഫ്, പി.എം. കൃഷ്ണൻ, സോനമ്മ ജോസഫ് പ്രസംഗിച്ചു ചടങ്ങിൽ കോർപ്പറേറ്റ് അവാർഡ് ജേതാവ് തോമസ് കാളിയാനിയെ ആദരിച്ചു.

സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു

കരുവഞ്ചാൽ: യുവജന വാരാചരണത്തിന്റെ ഭാഗമായി കെ.സി.വൈ.എം കരുവഞ്ചാൽ യൂണിറ്റ് ആഭിമുഖ്യത്തിൽ 15 ഓളം വിദ്യാർത്ഥികൾക്ക് സ്കൂൾ ബാഗ്, കുട എന്നിവ അടങ്ങിയ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. കരുവഞ്ചാൽ ലിറ്റിൽ ഫ്ളവർ പള്ളി വികാരി ഫാ. മാത്യു പാലമറ്റം വിതരണം ഉദ്ഘാടനം ചെയ്തു. ജോസഫ് പുത്തൻപുര അധ്യക്ഷത വഹിച്ചു. അലീഡ ആട്ടപ്പാട്ട്, ജോസ് വീണപ്ലാക്കൽ, ജോസ് വലിയപറമ്പിൽ, സിസ്റ്റർ മരിയറ്റ്, ആൻമരിയ തട്ടുങ്കൽ, എഞ്ചലീന, എൻവിൻ പ്രസംഗിച്ചു. ജോവൻ ജോർജ് കുറ്റിയാനിക്കൽ സ്വാഗതവും സ്റ്റെനി ചേമ്പാലയിൽ നന്ദിയും പറഞ്ഞു.

വനിതകൾക്ക് പെയിന്റിങ് പരിശീലനം

മയ്യിൽ: തായംപൊയിൽ സഫ്ദർ ഹാഷ്മി സ്മാരക ഗ്രന്ഥാലയവും സഫ്ദർ ഹാഷ്മി വനിതാവേദിയും സംയുക്തമായി വനിതകൾക്കായി ബോട്ടിൽ ആർട്, പോട്ട് പെയിന്റിങ്, സാരി പെയിന്റിങ് പരിശീലനം സംഘടിപ്പിക്കുന്നു. അഭിരുചിയുള്ള 25 പേർക്കാണ് സൗജന്യ പരിശീലനം. 16, 17 തീയതികളിൽ രാവിലെ പത്തുമുതൽ ലൈബ്രറിയിലാണ് ക്യാമ്പ്. എഴുത്തുകാരി ഡോ.പി കെ ഭാഗ്യലക്ഷ്മി ഉദ്ഘാടനം ചെയ്യും. സൗമ്യ വടക്കയിലിന്റെ ആർട് എക്സിബിഷനും ഒരുക്കും. പങ്കെടുക്കുന്നവർ 9400676183 എന്ന നമ്പറിൽ രജിസ്റ്റർ ചെയ്യണം.

പൈസക്കരി ദേവമാതാ ഹൈസ്കൂളിൽ 'വിജയോത്സവം' പരിപാടി പയ്യാവൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഡെയ്സി ചിറ്റുപ്പറമ്പിൽ ഉദ്ഘാടനം ചെയ്യുന്നു.

ഇഫ്താർ സംഗമം ഇന്ന്

കോൾമൊട്ട: ഡി.വൈ.എഫ്.ഐ കോട്ടല്ലൂർ മേഖലാ കമ്മിറ്റിയുടെ ഇഫ്താർ സംഗമം ഇന്ന് വൈകുന്നേരം നാല് മണിക്ക് കോൾമൊട്ടയിൽ നടക്കും. ജില്ലാ പ്രസിഡണ്ട് എം. ഷാജർ ഉദ്ഘാടനം ചെയ്യും. എഴുത്തുകാരൻ സഹീദ് റൂമി മുഖ്യപ്രഭാഷണം നടത്തും. കരുണ ചാരിറ്റബിൾ സൊസൈറ്റിയുടെ റിലീഫ് വിതരണം ഏരിയാ പ്രസിഡണ്ട് സി. അബ്ദുൾ കരീം നിർവഹിക്കും.



എൽ.എസ്.എസ് നേടിയ വിജയികളായ പി.വി. ദേവാംഗ്, ബി. ഫാത്തിമത്തുൽ സമീഹ(ഇരുവരും കടമ്പേരി എ.എൽ.പി സ്കൂൾ)